LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) റവന്യൂ, രജിസ്ട്രേഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വേ തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിച്ച് ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ തുടർച്ചയായി ചെറുകിട വ്യവസായ മേഖലയിൽ വ്യവസായങ്ങളാരംഭിക്കുന്നതിന് സെൽഫ് സർട്ടിഫിക്കേഷൻ പദ്ധതിയിലൂടെ നടപടിക്രമങ്ങൾ ലഘൂകരിക്കും. പുതിയ സംരംഭകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ ജില്ലാവ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് സ്മോൾ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതാണ്. സ്റ്റാർട്ട് അപ്പ് മേഖലയിൽ സാങ്കേതികവിദ്യ ആർജ്ജിക്കുന്നതിന് സഹായം നൽകും. പരിസ്ഥിതി സൗഹൃദപരമായ ഫാർമസ്യൂട്ടിക്കൽ, ലൈഫ് സയൻസ്, മെഡിക്കൽ എക്യുപ്മെന്റ്സ് തുടങ്ങിയ മേഖലകളിലെ വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകാനും ലക്ഷ്യമിടുന്നു. സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

(ബി-ഡി) ചെറുകിട വ്യവസായ സംരംഭങ്ങൾക്കുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം നടപ്പിൽ വരുത്തുന്നതിനുള്ള പഠനങ്ങൾ നടത്തിവരികയാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അനുമതി പത്രങ്ങളും ലൈസൻസുകളും നൽകുന്ന നടപടി എളുപ്പമാക്കാൻ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഏകജാലക ക്ലിയറൻസ് ബോർഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഏകജാലക ക്ലിയറൻസ് സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള വ്യവസായ വകുപ്പ് പദ്ധതികൾ**

58 (329) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമായി വ്യവസായ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വ്യാവസായികാഭിരുചി വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ നടപ്പിലാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതിലുള്ള വ്യവസായ വികസന ഏരിയാ/പ്ലോട്ടുകളിൽ പട്ടികജാതിയിൽപ്പെട്ട സംരംഭകർക്കായി വ്യവസായം ആരംഭിക്കുന്നതിനായി ഷെഡ്ഡുകൾ പണിത് നൽകുന്നു. കൈത്തറി മേഖലയിൽ പട്ടികജാതി സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ ഓഹരി പങ്കാളിത്തത്തിന് ആനുപാതികമായ സർക്കാർ ഓഹരി പങ്കാളിത്തം 5 ഇരട്ടിയാണ്. ഒരു സംഘത്തിന് വർഷം പരമാവധി 5 ലക്ഷം രൂപയുടെ ഓഹരി പങ്കാളിത്തം നൽകുന്നു. പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതിയിൽപ്പെട്ട വനിതകൾക്ക് സിൽക്ക് നെയ്ത്തിൽ പരിശീലനം നൽകി തൊഴിൽ നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി, എന്റെ ഗ്രാമം എന്നീ പദ്ധതികളിൽ അധിക സബ്സിഡി അനുവദിക്കുന്നു.

(ബി) പുതിയ പദ്ധതികൾ ആരംഭിക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ**

59 (330) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നിലവിലുള്ള കടബാദ്ധ്യത എത്രയാണെന്നും ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം നൽകുവാനുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം നവീകരിച്ച് തൊഴിലാളികളുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനും ആധുനികവൽക്കരണം നടത്തി ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് നിലവിൽ 3514.72 ലക്ഷം രൂപയുടെ ബാധ്യതയുണ്ട്.